**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2398** **16-03-2022 - ൽ മറുപടിയ്ക്ക്**

**ലഹരി പദാർത്ഥങ്ങളുടെ ക്രയവിക്രയങ്ങൾ തടയുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും അതുമൂലമുള്ള കുറ്റകൃത്യങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) | എക്സൈസ് വകുപ്പ് കഴിഞ്ഞ അഞ്ച് വർഷം കണ്ടെടുത്ത NDPS കേസുകളുടെയും, അതിലുൾപ്പെട്ട മയക്കുമരുന്നുകളുടെയും കണക്ക് പരിശോധിച്ചാൽ കേസുകളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുണ്ടെങ്കിലും പിടിച്ചെടുക്കുന്ന മയക്കുമരുന്നുകളുടെ അളവിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എക്സൈസ് വകുപ്പ് കണ്ടെത്തിയ എൻ.ഡി.പി.എസ് കേസുകളിലെ 21 വയസ്സിനു താഴെയുള്ള കുറ്റാരോപിതരായ കൗമാരക്കാരിൽ നിന്നും, വിമുക്തി ലഹരിമോചന ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് വിധേയരായ 21 വയസ്സിനു താഴെയുള്ള കൗമാരക്കാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2020 വർഷത്തിൽ എക്സൈസ് വകുപ്പ് ഒരു സർവ്വേ നടത്തിയിട്ടുണ്ട്. കൂടാതെ മയക്കുമരുന്ന് ഉപയോഗം സംബന്ധിച്ച് സംസ്ഥാനതലത്തിൽ ഒരു ഗവേഷണ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ലഹരി പദാർത്ഥങ്ങളുടെ ക്രയവിക്രയങ്ങൾ പൂർണ്ണമായും തടയുന്നതിന് സ്വീകരിച്ച നടപടികളും അതുമൂലം കൈവരിക്കാനായ നേട്ടങ്ങളും വിശദീകരിക്കാമോ? | (ബി) | സംസ്ഥാന എക്സൈസ് വകുപ്പ് വിവിധങ്ങളായ എൻഫോഴ്സ്മെന്റ് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ക്രയവിക്രയങ്ങൾ തടയുന്നതിന് ഒരു പരിധി വരെ സാധിക്കുന്നുണ്ട്. 2020 വർഷത്തിൽ 3667 എൻ.ഡി.പി.എസ്. കേസുകളിലായി 3791 പ്രതികളെ അറസ്റ്റ് ചെയ്യുകയും 3209.293 കി.ഗ്രാം ഗഞ്ചാവ്, 696 ഗഞ്ചാവ് ചെടികളും, 6772.842 ഗ്രാം ഗഞ്ചാവ് അനുബന്ധ ലഹരിവസ്തുക്കളും, 5498.660 ഗ്രാം രാസപദാർത്ഥ മയക്കുമരുന്നുകളും 2664.01 ഗ്രാം മയക്കുമരുന്നു ഗുളികകളും; 15860 അബ്കാരി കേസുകളിലായി 10215 പ്രതികളെ അറസ്റ്റ് ചെയ്യുകയും 23182 ലിറ്റർ സ്പിരിറ്റ്, 7219 ലിറ്റർ ചാരായം, 30958 ലിറ്റർ ഇന്ത്യൻ നിർമ്മിത |

| | | | |
|---|---|---|---|
| | | | വിദേശമദ്യം, 531662 ലിറ്റർ വാഷ്, 4786 ലിറ്റർ അരിഷ്ടം, 1741 ലിറ്റർ ബിയർ, 10230 ലിറ്റർ കള്ള്, 5868 ലിറ്റർ അന്യസംസ്ഥാന മദ്യം, 1284 ലിറ്റർ അനധികൃത മദ്യം, 29 ലിറ്റർ വിദേശമദ്യം, 1275 ലിറ്റർ വൈൻ എന്നിവ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. 2021 വർഷത്തിൽ 3922 കേസുകളിലായി 3916 പ്രതികളെ അറസ്റ്റ് ചെയ്യുകയും 5632.6കി.ഗ്രാം ഗഞ്ചാവും, 760 ഗഞ്ചാവ് ചെടികളും, 16189.967 ഗ്രാം ഗഞ്ചാവ് അനുബന്ധ ലഹരിവസ്തുക്കളും, 6307.577 ഗ്രാം രാസപദാർത്ഥ മയക്കുമരുന്നുകളും 3240.869 ഗ്രാം മയക്കുമരുന്നു ഗുളികകളും 489 വാഹനങ്ങളും; 19934 അബ്കാരി കേസുകളിലായി 14026 പ്രതികളെ അറസ്റ്റ് ചെയ്യുകയും 20803 ലിറ്റർ സ്പിരിറ്റ്, 11012 ലിറ്റർ ചാരായം, 52113 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 691590 ലിറ്റർ വാഷ്, 5219 ലിറ്റർ അരിഷ്ടം, 3071 ലിറ്റർ ബിയർ, 22966 ലിറ്റർ കള്ള്, 26218 ലിറ്റർ അന്യസംസ്ഥാന മദ്യം, 4129 ലിറ്റർ അനധികൃത മദ്യം, 15.100 ലിറ്റർ വിദേശമദ്യം, 4562 ലിറ്റർ വൈൻ എന്നിവ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ